**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **07-06-2021 - ൽ മറുപടിയ്ക്ക്**

**കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ; | (ബി) | കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 പ്രകാരം കുറ്റകൃത്യങ്ങളെ അതിജീവിച്ചവർക്കും കുറ്റകൃത്യങ്ങൾക്ക് വിധേയരായി മരണമടഞ്ഞവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകി വരുന്നു. ക്രിമിനൽ നടപടി ക്രമത്തിലെ 357 A വകുപ്പ് പ്രകാരം 2014-ൽ നിലവിൽവന്ന ഈ പദ്ധതി 2017-ൽ പുതുക്കുകയും കേരള വിക്ടിം കോമ്പൻസേഷൻ സ്കീം, 2017 എന്ന് അറിയപ്പെടുകയും ചെയ്യുന്നു. 2021 വർഷത്തിൽ സുപ്രീം കോടതി നിർദ്ദേശപ്രകാരം, 20.02.2021 തീയ്യതിയിൽ G.O (MS)No.59/2021/Home പ്രകാരം പ്രസ്തുത പദ്ധതിയിൽ ഭേദഗതി വരുത്തി compensation scheme for women victims/survivors of sexual assault/other crimes എന്നത് രണ്ടാം അധ്യായത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. കേരള സംസ്ഥാനത്തിനകത്ത് വച്ച് നടന്ന കുറ്റകൃത്യങ്ങളിൽപ്പെട്ട ഇരകൾക്കും ആശ്രിതർക്കുമാണ് ഈ പദ്ധതിപ്രകാരം, വ്യവസ്ഥകൾക്ക് വിധേയമായി, നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. കേരള സംസ്ഥാന നിയമ സേവന അതോറിറ്റി(കെൽസ) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | പദ്ധതി നിലവിലുണ്ടെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ വിശദമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Details of the compensation distributed**

| Nature of cases | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | TOTAL |
|---|---|---|---|---|---|---|
| Rape | 300000 | 300000 | 650000 | 1950000 | 5845000 | 9045000 |
| Acid Attack | 600000 | 700000 | 300000 | 200000 | 200000 | 2000000 |
| POCSO | 10922000 | 1533000 | 11405000 | 19185000 | 20135000 | 63180000 |
| Hit and Run | 2450000 | 825000 | 935000 | 2000000 | 8653042 | 14863042 |
| 302 | 4000000 | | | | | 4000000 |
| Death | | 2400000 | 6100000 | 6325000 | 12620000 | 27445000 |
| Injuries | | 15000 | 485000 | 425000 | 5530000 | 6455000 |
| SC/ST | | 100000 | | 1050000 | | 1150000 |
| 498 A | | | 50000 | | | 50000 |
| 304 | | | | 200000 | | 200000 |
| Others | 500000 | | | 250000 | | 750000 |
| Total | 1,87,72,000 | 58,73,000 | 1,99,25,000 | 3,15,85,000 | 5,29,83,042 | 12,91,38,042 |

സെക്ഷൻ ഓഫീസർ